പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 967 14/06/2012 ൽ മറുപടിയ്ക്ക്

## പാഠപുസ്തകങ്ങളുടെ വിതരണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എം. ഉമ്മർ | | ശ്രീ: പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) ഒന്ന് മുതൽ പത്തുവരെ ക്ലാസുകളിലെ പാഠപുസ്തകങ്ങളുടെ വിതരണം പൂർത്തിയായിട്ടുണ്ടോ ; | (എ) | ഉണ്ട് |
| ബി) ഈ അദ്ധ്യായന വർഷത്തേയ്ക്കുള്ള മുഴുവൻ പാഠപുസ്തകങ്ങളും വിതരണം ചെയ്യുന്നതിനായി ഈ വർഷം സ്വീകരിച്ച പുതിയ മാർഗ്ഗങ്ങൾ വിശദമാക്കുമോ ; | (ബി) | പാഠപുസ്തകങ്ങളുടെ അച്ചടി വളരെ നേരത്തെ തുടങ്ങി പൂർത്തീകരിക്കുകയും, ഫെബ്രുവരി മാസത്തിൽ തന്നെ പോസ്റ്റൽ ഡിപ്പാർട്ട്മെന്റ് വഴി വിതരണം ആരംഭിക്കുകയും ചെയ്തു. ഇതോടൊപ്പം പഴയ വിതരണ സംവിധാനം കാലാനുസൃതമായി പരിഷ്കരിച്ച് നവീനവും, സുതാര്യവും കാര്യമാത്ര പ്രസക്തവുമായ ഒരു വിതരണ രീതിയാണ് ഇത്തവണ സ്വീകരിച്ചത്. അതിനായി നൂതനമായ വിവര സാങ്കേതിക വിദ്യകൾ അവലംബിക്കുകയും മുൻവർഷം ഓൺലൈൻ ഇൻഡന്റിങ്ങിൽ ഉണ്ടായ പോരായ്മകൾ പരിഹരിച്ച് ലളിതമായ രീതിയിൽ ഓൺലൈൻ ഇൻഡന്റ് ചെയ്യുവാനുള്ള സംവിധാനം രൂപകല്പന ചെയ്ത് നടപ്പാക്കുകയാണ് ഈ വർഷം ചെയ്തത്. ഇതിനായി പുസ്തകങ്ങൾ ഹബ്ബുകളിൽ ഇനം തിരിച്ച് കൃത്യമായ എണ്ണം, കൊണ്ടു പോകുന്ന വാഹനത്തിന്റെ വിവരങ്ങൾ എന്നിവ നൽകിയാൽ മാത്രം ഡെലിവറി ചെല്ലാൻ ലഭിക്കുന്ന തരത്തിൽ രൂപകല്പന ചെയ്ത് |

KBPS ലെ ലോജിസ്റ്റിക് മാനേജ്മെന്റ് സിസ്റ്റം എന്ന സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ് വിതരണം നടത്തിയത്. വിതരണ വിവരങ്ങൾ തത്സമയം ലഭ്യമാക്കുവാൻ ഈ സോഫ്റ്റ്‌വെയർ ഉപകരിക്കുന്നതിനാൽ ഏത് സ്കൂൾ സൊസൈറ്റികളിലെ വിതരണത്തിൽ കാലതാമസം വന്നാലും ഉടനടി പരിഹരിക്കുവാൻ സാധിക്കുന്നത് കൊണ്ട് വിതരണം പൂർണ്ണമായി സമയബന്ധിതമായി പൂർത്തിയാക്കുവാൻ സാധിച്ചു.

| | | | |
|---|---|---|---|
| സി) | വിതരണത്തെ സംബന്ധിച്ച് അക്ഷേപങ്ങളോ പരാതികളോ ലഭിച്ചിട്ടുണ്ടോ ; | സി) | ഇല്ല |
| ഡി) | ഇനിയും ഏതെങ്കിലും പുസ്തകങ്ങളുടെ അച്ചടി പൂർത്തിയാക്കാനുണ്ടോ ? | (ഡി) | ഇല്ല |

Sajikumar.A

സെക്ഷൻ ഓഫീസർ.